കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട്, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. സേവനത്തിൽ നിന്നും വിരമിക്കേണ്ടിയിരുന്ന സാഹചര്യത്തിൽ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല 01.12.2013 മുതൽ കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3285/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 02.12.2016.**

---

പരാമർശം: 1) 20.11.2013-ലെ ഗ്രാമവികസന കമ്മീഷണറുടെ 22698/എസ്റ്റാ.എ1/13/സിആർഡി നമ്പർ നടപടിക്രമം.

2) 25.11.2013-ലെ ഗ്രാമവികസന കമ്മീഷണറുടെ 22698/എസ്റ്റാ.എ1/13/സിആർഡിനമ്പർ കത്ത്.

3) 06.09.2016-ലെ ഗ്രാമവികസന കമ്മീഷണറുടെ 13256/എസ്റ്റാ.എ1/16/സിആർഡിനമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, കോഴിക്കോട് എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ.കെ.യൂസഫ് സേവനത്തിൽ നിന്നും 30.11.2013-ൽ വിരമിക്കേണ്ടിയിരുന്ന സാഹചര്യത്തിൽ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല 01.12.2013 മുതൽ കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ശ്രീ.കെ.എം.ശശിധരന് നൽകിയ ഗ്രാമവികസന കമ്മീഷണറുടെ 20.112013-ലെ നടപടി സാധൂകരിക്കണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ 30.11.2013-ൽ സേവനത്തിൽ നിന്നും വിരമിക്കേണ്ടിയിരുന്ന സാഹചര്യത്തിൽ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല 01.12.2013 മുതൽ കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ശ്രീ.കെ.എം.ശശിധരന് നൽകിയ ഗ്രാമവികസന കമ്മീഷണറുടെ സൂചന 1 പ്രകാരമുള്ള നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.കെ.എം.ശശിധരൻ, പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, കോഴിക്കോട്
(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, കോഴിക്കോട്.

ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.